(സി) ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് പഠനം നടത്തുകയും 2010 സെപ്റ്റംബറിൽ സ്ട്രാറ്റജിക് ഓപ്ഷൻസ് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ട് അനുസരിച്ച് കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് കടുത്ത മത്സരം നേരിടുന്ന ഒരു മേഖലയാണ്. പുതുതായി ഒരു ഗ്രീൻഫീൽഡ് തുറമുഖം പൂർണ്ണമായും പൊതുമേഖലയിൽ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നത് ആശാസ്യമല്ല. ഗ്രീൻഫീൽഡ് പോർട്ടിന്റെ പ്രാഥമിക ഘട്ട മുതൽമുടക്ക് കൂടുതലായതിനാലും ചരക്കു കൈകാര്യം ചെയ്യുന്നത് കുറവായതിനാലും ഈ തുറമുഖം സ്വകാര്യ മേഖലയിൽ നിർമ്മിക്കുന്നതും ലാഭകരമല്ല. എന്നാൽ ട്രാൻസ്ഷിപ്മെന്റ് ബിസിനസ് വിജയകരമായി നടത്തുന്നതിന് പ്രാഥമിക ഘട്ടം മുതൽക്കുതന്നെ പരിചയ സമ്പന്നതയുള്ള ഒരു ഓപ്പറേറ്റർ കൂടിയേ തീരൂ. ഇക്കാരണത്താൽ പദ്ധതി ചെലവിന്റെ ഒരു ഭാഗം പൊതുമേഖലയും ശേഷിക്കുന്ന ഭാഗം സ്വകാര്യ മേഖലയും ചേർന്ന് Public Private Partnership (PPP) ഘടകമുൾപ്പെടുന്ന ലാന്റ് ലോർഡ് മോഡലിൽ പദ്ധതി നടപ്പിലാക്കുവാനാണ് ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ ശിപാർശ ചെയ്തത്. സംസ്ഥാന സർക്കാർ ഈ ശിപാർശ 2010-ൽ തന്നെ അംഗീകരിച്ചിട്ടുണ്ട്.

ജനമൈത്രി പോലീസ് പദ്ധതി

6 (*6) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് പദ്ധതി സംബന്ധിച്ച പരാതികൾ പരിഹരിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് മുൻതലപ്പെടുത്തിയിട്ടുള്ളത് ആരെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടി എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

992/2018

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ജനമൈത്രീ പോലീസ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജനമൈത്രീ പോലീസ് സ്റ്റേഷനുകളുടേയും CRO (Community Relations Officer)യെയും സമിതിയംഗങ്ങളെയും ഉൾപ്പെടുത്തി മാസാവസാനം അവലോകന യോഗങ്ങൾ നടത്തിയും അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയും ഓരോ ബീറ്റ് ഓഫീസർമാരും അവരവരുടെ പ്രവർത്തനമേഖലകളിൽപ്പെട്ട വീടുകൾ സന്ദർശിച്ച് ബീറ്റ് മീറ്റിംഗുകൾ നടത്തിയും ആ ഭാഗങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് Station House Officer -മാരുമായി കൂടിയാലോചിച്ച് പരിഹരിക്കുവാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ബീറ്റ് ഓഫീസർമാർ, അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാർ, ജനമൈത്രീ സമിതി അംഗങ്ങൾ, ടൈബൽ വാളന്റിയർ അംഗങ്ങൾ, ബീറ്റ് ഓഫീസർമാർ അല്ലാത്ത പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് ജനമൈത്രീ സംവിധാനം കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനുള്ള പരിശീലനം, പി.റ്റി.സി, കെപ്പ, ജില്ലാ പോലീസ് ആസ്ഥാനം, സർക്കിൾ ഇൻസ്പെക്ടർ ആസ്ഥാനം എന്നീ തലങ്ങളിൽ നിന്നും നിരന്തരം പരിശീലനം നൽകി വരുന്നു. ജില്ലാതല മോണിറ്ററിംഗ് നടത്തി MLA, CRO's, ബീറ്റ് ഓഫീസേഴ്സ്, അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാർ, ജാഗ്രതാ സമിതി അംഗങ്ങൾ, സോഷ്യൽ സർവ്വീസ് അംഗങ്ങൾ, പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ജനമൈത്രി പദ്ധതിയെക്കുറിച്ച് പരാതികളുണ്ടെങ്കിൽ അത് സ്വീകരിച്ച് പരിഹരിച്ചുവരുന്നു.

(ബി&സി) ജനമൈത്രി പേലീസ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പഠനം നടത്തുന്നതിനും ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുമായി പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ഡോ.ബി.സന്ധ്യ ഐ.പി.എസ്.-നെ സംസ്ഥാന നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ Influence of Janamaithri Suraksha Project on the Communities എന്ന വിഷയത്തിൽ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കൊച്ചിയും An Evaluation of the Community Policing Programme in Kerala എന്ന വിഷയത്തിൽ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് എന്ന സ്ഥാപനവും പഠനം നടത്തിയിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ www.keralapolice.org എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ജനമൈത്രീ സുരക്ഷാ പദ്ധതിയെക്കുറിച്ച് പഠനം നടത്തുന്നതിനുവേണ്ടി M/s KPMG/Advisory Services Private Limited എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. 2015 മാർച്ച് മാസത്തോടുകൂടി പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പഠന റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുള്ള ശിപാർശകൾക്കനുസരിച്ച് കൂടുതൽ പ്രവർത്തനങ്ങളും പ്രോഗ്രാമുകളും ഉൾപ്പെടുത്തിവരുന്നു. ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥർ ബീറ്റ് സന്ദർശനം, ഗൃഹ സന്ദർശനം എന്നിവ നടത്തി പരിഷ്കരിച്ച പ്രൊഫോർമയിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 'ആദിവാസി സുരക്ഷയും ജനമൈത്രീ പോലീസിന്റെ പങ്കും 'വനിതാ ശിശു സുരക്ഷയിൽ ജനമൈത്രീ പോലീസിന്റെ പങ്ക് ' എന്നീ വിഷയങ്ങളിൽ തൃശ്ശൂരും, തിരുവനന്തപുരത്തും രണ്ടു ദിവസത്തെ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഈ വർക്ക് ഷോപ്പുകളിൽ Communication skills, Positive Attitude Towards Tribes and Sprirt of Enactment എന്നീ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകൾ നടന്നു. Senior Citizens, Management Labour, Communal harmony എന്നീ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കാൻ റേഞ്ച് ഐ.ജി.-മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായി പ്ലാൻ ഫണ്ടിൽ തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ ബീറ്റ് ഓഫീസർമാർക്കുള്ള മൂന്നു ദിവസത്തെ പരിശീലന പരിപാടി പോലീസ് ട്രെയിനിംഗ് കോളേജിൽവച്ച് നൽകിയിട്ടുണ്ട്.

ദേശീയ ഗെയിംസ് നടത്തിപ്പിലെ ക്രമക്കേടുകൾ

7(*7) ശ്രീ. കെ. രാജു :

ശ്രീ. സി. ദിവാകരൻ :

ശ്രീ. വി. ശശി :

ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് നടത്തിപ്പിൽ നടന്നതായി പറയപ്പെടുന്ന അഴിമതി സംബന്ധിച്ച്, സി.ബി.ഐ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനങ്ങളിലുള്ള വിവരശേഖരണമാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ ഗെയിംസ് നടത്തിപ്പിൽ ക്രമക്കേട് നടന്നതായി കാണിച്ച് ഇന്റലിജൻസ് ബ്യൂറോ, കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് റിപ്പോർട്ട് നൽകിയതായി വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly